**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2802** | **03-08-2021 - ൽ മറുപടിയ്ക്ക്**

**പൈനാപ്പിൾ കർഷകർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൈനാപ്പിൾ കർഷകരെയും തൊഴിലാളികളെയും സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെൻറ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ 2021-22 ലെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടർ ഒന്നിന് 26,250/- രൂപ നിരക്കിൽ പൈനാപ്പിളിന്റെ വിള വിസ്തൃതി വ്യാപനം 300 ഹെക്ടറിൽ നടപ്പിലാക്കാനായി 78.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ സ്ഥലത്ത് വരെ പൈനാപ്പിൾ കൃഷി ചെയ്യു ന്നതിന് ധനസഹായം നൽകുന്നതാണ്. പൈനാപ്പിളിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലൂടെ സാമ്പത്തിക സഹായം അനുവദിക്കുന്നു. പ്രൈമറി/മൊബൈൽ/ മിനിമൽ പ്രൊസസ്സിംഗ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 10 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 11.75 ലക്ഷം രൂപയും ധനസഹായമായി നൽകുന്നു. ഇവ പൈനാപ്പിളിന്റെ ഉല്പന്നങ്ങളുടെ സംസ്കരണത്തിനും ഉപയോഗിക്കാവുന്നതാണ്. പൈനാപ്പിൾ സംഭരിക്കുന്നതിന് പായ്ക്ക് ഹൗസ് സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ഗുണനിലവാരത്തിന് കോട്ടം തട്ടാത്ത രീതിയിൽ പൈനാപ്പിൾ ദൂരസ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് 4 മുതൽ 9 മെട്രിക് ടൺ സംഭരണ ശേഷിയുള്ള 26 ലക്ഷം രൂപ ചെലവ് വരുന്ന റീഫർ വാനിന് സമതല പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ 35 ശതമാനവും മലയോര പ്രദേശങ്ങളിൽ 50 ശതമാനവും വായ്പാ ബന്ധിത ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. സംസ്ഥാനത്ത് പൈനാപ്പിൾ |

| | | | |
|---|---|---|---|
| | | | കർഷകരെ സഹായിക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. ആയതുപ്രകാരം പൈനാപ്പിളിന് കിലോയ്ക്ക് 15 രൂപ അടിസ്ഥാന വിലയായി പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ, അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉല്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക്, തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുകയും അടിസ്ഥാന വിലയുമായി വ്യത്യാസമുള്ള തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടുനൽകുന്നു. കൂടാതെ വാഴക്കുളത്ത് പ്രവർത്തിക്കുന്ന ആഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി പൈനാപ്പിൾ സംഭരിക്കുകയും അതുപയോഗിച്ച് വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്നു. പൈനാപ്പിൾ കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം പൈനാപ്പിൾ ഉല്പന്നങ്ങൾ മൂല്യവർദ്ധനം നടത്തുന്നതിനായി സഹായം നൽകി വരുന്നു. ഇതിനു പുറമെ മൂല്യവർദ്ധിത സംരംഭങ്ങൾ തുടങ്ങുന്നതിനായി 93 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തിയും പൈനാപ്പിൾ സംസ്കരണത്തിനായി സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ